# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 05/2021
# 03.08.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ടിങ്
4. മെമ്പർഷിപ്പ്
5. യൂണിറ്റ് സന്ദർശനം
6. അറുപത്തിമൂന്നാം സംസ്ഥാനസമ്മേളനം കണക്ക് അവതരണം
7. സംഘശബ്ദം
8. വനിതാസബ്കമ്മിറ്റി
9. അക്കാദമിക്ക് കമ്മിറ്റി
10. എം.ബി.റ്റി.

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, രഘുദാസ് പി. വി., ശശി സി. ടി., ഡോ. സുനിൽ വി. ടി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്, ഡോ. മാണിക്യരാജ് കെ. ഡോ. എം. എ. അസ്കർ, ഡോ. സുനിത എ. പി., ഡോ. ഷാനവാസ് പി. എച്ച്, ഡോ. ബേബി ഷീബ, ഡോ. സഞ്ചയ്കുമാർ എസ്. എച്., ജിനീഷ് പി. എസ്., ഡോ. എം. എസ്. മുരളി, ഡോ. ബി. അശോക്, സജിത്ത് കുമാർ പി., രജിത സി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രഞ്ജിത് മോഹൻ പി., അബ്ദുൾ റഷീദ്, സുശാന്ത് ബി., ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി. എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ഗ്രേഷ്യസ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ജയരാജ് ജെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ ജി., ഡോ. ചന്ദ്രമോഹൻ കെ. ടി., രാജു. എം. സി.

വൈകിട്ട് 6.00ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ. മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ലോകപ്രശസ്ത സംവിധായകനും നടനുമായ റിച്ചാർഡ് ഡോണർ, സംവിധായകൻ ആന്റണി ഈസ്റ്റ്മാൻ, ഭരണകൂടഭീകരതയുടെ ഇരയായി മരണമടഞ്ഞ മനുഷ്യാവകാശ പ്രവർത്തകൻ സ്റ്റാൻ സ്വാമി, ബോളിവുഡ് ഇതിഹാസം ദിലീപ് കുമാർ, ശിവഗിരി മുൻ മഠാധിപതി സ്വാമി പ്രകാശാനന്ദ, മുൻ ഇന്ത്യൻ ഹോക്കി തരാം കേശവദത്ത്, ആയുർവേദകുലപതി പത്മവിഭൂഷൻ ഡോ. പി കെ വാര്യർ, ധീരജവാൻ സുബേദാർ ശ്രീജിത്ത്, മലങ്കര ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ ബസേലിയോസ് മാർ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ, ചലച്ചിത്ര താരം കെ.ടി.എസ്. പടന്നയിൽ, അഫ്ഗാനിസ്ഥാനിൽ താലിബാൻ മത

തീവ്രവാദികൾ കൊലപ്പെടുത്തിയ പുലിസ്റ്റർ അവാർഡ് ജേതാവും ഇന്ത്യൻ ഫോട്ടോഗ്രാഫറുമായ ഡാനിയൽ സിദ്ദിഖി, ഹാസ്യകലാകാരൻ നാസർ മുഹമ്മദ്, പിന്നണി ഗായിക കല്യാണി മേനോൻ, പ്രശസ്ത കഥകളി ആചാര്യൻ വാസുദേവൻ നമ്പൂതിരി, ഐ.എം.എ. മുൻ സംസ്ഥാന പ്രസിഡണ്ട് ഇ.കെ. ഉമ്മർ, പ്രശസ്ത നടി സുരേഖ സിക്രി, ട്രാൻസ് ജൻഡർ ആക്ടിവിസ്റ്റ് അനന്യാകുമാരി, ഇടതു സഹയാത്രികനും, പൊതു പ്രവർത്തകനുമായ വി. എം പൈലി, എഴുത്തുകാരനും ഗ്രീൻ ബുക്ക്സ് എം.ഡി.യുമായ കൃഷ്ണദാസ്, മുൻ മന്ത്രിയും എം.പി.യും, സി.പി.ഐ.(എം) പശ്ചിമ ബംഗാൾ സംസ്ഥാന സമിതി അംഗവുമായ സുദർശന റായ് ചൗധരി, കോവിഡ് മഹാമാരിയിൽ അകപ്പെട്ട നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, സർവീസ് സംബന്ധമായ നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. സ്പാർക്ക് സംബന്ധമായ ധാരാളം പരാതികൾ വരുന്നുണ്ട്. കേന്ദ്രഏജൻസിയായ എൻ.ഐ.സി.യുമായി ബന്ധപ്പെട്ടാണ് സ്പാർക്ക് പ്രവർത്തിക്കുന്നത്. അതിന്റെ സെർവർ സംബന്ധമായ അപര്യാപ്തതയാണ് പ്രശ്നങ്ങൾക്ക് കാരണം, ഇവ പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സംഘടന ധനകാര്യവകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ പരമാവധി അനുകൂലമായ തീരുമാനം ഉടൻ തന്നെ ഉണ്ടാകുന്നതാണ്. 2019 ഏപ്രിൽ മുതലുള്ള യു.ജി.സി അരിയർ പ്രോസസ് ചെയ്ത ബില്ല് മാറുന്നതിന് ചില ട്രഷറികൾ തടസ്സവാദം ഉന്നയിച്ചിരുന്നു. മറ്റുചില ട്രഷറികളാകട്ടെ ബില്ല് മാറി നൽകിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ സംഘടന ധനകാര്യവകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയും അതനുസരിച്ച് നമ്മുടെ ഫയൽ നീങ്ങുകയും ചെയ്യുന്നുണ്ട്. എത്രയും വേഗം മുഴുവൻ ട്രഷറികൾക്കും പ്രസ്തുത അരിയർ തുക വേഗംത്തന്നെ മാറി നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന രീതിയിലുള്ള ഒരു ഉത്തരവ് ധനകാര്യവകുപ്പ് നൽകുന്നതാണ്. കേന്ദ്രം ഡി. എ. പ്രഖ്യാപിച്ച സാഹചര്യത്തിൽ നമുക്ക് 28% ഡി.എ.ക്ക് അർഹതയുണ്ട്. ഈ വിഷയത്തിൽ സംഘടന ധനകാര്യവകുപ്പിൽ കത്ത് നൽകുകയും തുടർ ഇടപെടൽ നടത്തുകയും ചെയ്യുന്നു. പ്രൊഫസർഷിപ്പുമായി ബന്ധപ്പെട്ട മാർഗരേഖ പ്രാഥമിക ചർച്ചകൾക്കുശേഷം ഡയറക്ടറുടെ പക്കൽ എത്തിയിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസവകുപ്പിൽ പോയി അംഗീകാരം നേടി വരേണ്ടതാണ്. പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ സീനിയോറിറ്റി അനുസരിച്ച് നിയമനം നടത്തണമെന്ന സംഘടനാനിലപാടിന് അനുകൂലമായ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. 23.02.2016 വരെ പ്ലെയിസ്മെന്റ് ഡ്യൂ ആവുന്ന ആളുകൾക്ക് എ.പി.ഐ. ഇളവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യവകുപ്പിൽ നിന്ന് ഉന്നതവിദ്യാഭ്യാസവകുപ്പിൽ ബന്ധപ്പെട്ട സെക്ഷനിൽ വരികയും അവിടെ നിന്ന് ഫയൽ കോടതി ഉത്തരവിന്റെ കോപ്പി ആവശ്യപ്പെട്ടുകൊണ്ട് കോളേജ് വിദ്യാഭ്യാസവകുപ്പിൽ എത്തുകയും ചെയ്തിട്ടുണ്ട്.

ട്രാൻസ്ഫർ ഓർഡർ വിഷയത്തിൽ ഈ ആഴ്ചതന്നെ കരട് ഉത്തരവ് ഇറങ്ങുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. പ്ലെയിസ്മെന്റ് സംബന്ധിച്ച് ജൂലൈ 27, 28, 29 തീയതികളിൽ സ്ക്രീനിങ് കമ്മിറ്റി കൂടിയിരുന്നു. അതിൽ 180 അസോസിയേറ്റ് പ്രൊഫസർമാരുടെ പ്ലെയിസ്മെന്റ് ഉത്തരവ് ആയിട്ടുണ്ട്. 6000-7000, 7000-8000 ഘട്ടത്തിലേക്കുള്ള പ്ലെയിസ്മെന്റ് എ.ജി.യിൽ നിന്നും അധ്യാപകരുടെ സർവീസ്ഡീറ്റെയിൽസ് ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് ആവുന്നതാണ്. യൂ.ജി.സി. ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് 43 പരാതികൾ ലഭിച്ചു. ഇതിന്റെ

അടിസ്ഥാനത്തിൽ അനോമലി കമ്മിറ്റി സംഘടനാ ഓഫീസിൽ യോഗം ചേർന്നിരുന്നു. അതിലെ പൊതുപരാതികൾ ക്രോഡീകരിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പിനും ധനകാര്യ വകുപ്പിനും സംഘടന കത്ത് നൽകുന്നതാണ്. വനിതാ സബ്കമ്മിറ്റി സമത്വവീഥി സ്ത്രീപക്ഷ കേരളം എന്ന പേരിൽ വിവിധ പരിപാടിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി 30.07.2021ന് സംസ്ഥാനതല സെമിനാർ നടത്തി. ഡോ. സുനിൽ പി. ഇളയിടം പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്ത് വിഷയം അവതരിപ്പിച്ചു സംസാരിച്ചു.

കോളേജുകളിൽ ഡിജിറ്റൽ ഡിവൈഡ് നിലനിൽക്കുന്നതിനാൽ പരമാവധി യൂണിറ്റുകൾ അതിൽ വേണ്ടഇടപെടൽ നടത്തണം എന്ന് കഴിഞ്ഞ പ്രവർത്തകസമിതി യോഗത്തിൽ തീരുമാനിച്ചിരുന്നു. എറണാകുളം മഹാരാജാസ് കോളേജും കോഴിക്കോട് ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഈ വിഷയത്തിൽ അഭിനന്ദനാർഹമായ ഇടപെടൽ നടത്തി. ഈ രണ്ടു യൂണിറ്റുകളെയും സംസ്ഥാന പ്രവർത്തകസമിതിക്ക് വേണ്ടി അഭിനന്ദിക്കുന്നു.

ഉന്നതവിദ്യാഭ്യാസവകുപ്പ് ലേണിങ് മാനേജ്മെൻറ് സിസ്റ്റത്തിൽ പരിശീലനം നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അതിന്റെ ചെയർപേഴ്സൺ ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവാണ്. നമ്മുടെ മേഖലയെ പ്രതിനിധീകരിച്ച് പട്ടാമ്പി ഗവൺമെൻറ് കോളജിലെ അധ്യാപകനായ ഡോക്ടർ എച്ച്. കെ. സന്തോഷിന്റെ പേര് നിർദേശിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ മൂന്നാം സെമസ്റ്റർ ക്ലാസുകൾ തുടങ്ങുന്ന തുമായി ബന്ധപ്പെട്ട് ഇറങ്ങിയ ഉത്തരവിലെ അപാകത പരിഷ്കരിക്കുന്നതിന് വേണ്ട ഇടപെടൽ സംഘടന നടത്തി. മൂന്നാം സെമസ്റ്റർ ക്ലാസുകൾ ആഗസ്റ്റ് 31ന് ശേഷം മാത്രമേ ആരംഭിക്കുകയുള്ളൂ.

തിരുവനന്തപുരം സംസ്കൃതകോളജിലെ എ.കെ.ജി.സി.ടി. യൂണിറ്റ് പ്രസിഡണ്ടായ ഡോ. ഫൈൻ സി ദത്തൻ ബാഡ്മിന്റൺ ടെക്നിക്കൽ ഒഫീഷ്യലായി ടോക്കിയോ ഒളിമ്പിക്സിൽ പങ്കെടുക്കുന്ന വിവരം എല്ലാവരെയും അറിയിക്കുന്നു. ഇത് സംഘടനയെ സംബന്ധിച്ച് അഭിമാനകരമായ കാര്യമാണ്.

നമുക്ക് ഈ വർഷത്തെ യൂണിറ്റ് സന്ദർശനം കാര്യക്ഷമമായി നടത്തണം. കോവിഡിന്റെ സാഹചര്യത്തിൽ ഇപ്രാവശ്യവും നമുക്ക് ഓൺലൈനായി മാത്രമേ യൂണിറ്റ് സന്ദർശനം നടത്താൻ സാധിക്കൂ. അതുപോലെ തന്നെ മെമ്പർഷിപ്പ് കാമ്പയിൻ ആരംഭിക്കേണ്ടതുണ്ട്.

മഴ പെയ്യുമ്പോൾ നമ്മുടെ സംഘടന ഓഫീസ് ആയ എ.കെ.ജി.സി.ടി. ഭവന്റെ മുകളിലത്തെ നിലയിൽ മുറിയിലേക്ക് വെള്ളംകയറുന്ന ഒരു സാഹചര്യമുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ മരാമത്ത്പണി നടത്തണം. ഈ വിഷയം ചർച്ച ചെയ്യേണ്ടതാണ്. അറുപത്തിമൂന്നാം സംസ്ഥാനസമ്മേളനത്തിന്റെ കണക്ക് ഇന്ന് സ്വാഗതസംഘം കൺവീനർ അവതരിപ്പിക്കുന്നതാണ്. അതും ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാ റിപ്പോർട്ടിംഗ് നടത്തി. അതിനുശേഷം സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും ഓരോ അജണ്ടയിൻമേലും വിശദമായ ചർച്ച നടത്തി. ഇതേതുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. യൂണിറ്റ് സന്ദർശനം മെമ്പർഷിപ്പ് സമാഹണം എന്നിവ സെപ്റ്റംബർ മാസം 1നും 30നും ഇടയിൽ നടത്താൻ തീരുമാനിച്ചു.കോവിഡിന്റെ സാഹചര്യത്തിൽ ഇത്തവണയും യൂണിറ്റ് സന്ദർശനയോഗം ഓൺലൈനായി ചേരുന്നതാണ്.

2. സംസ്ഥാന സമിതിയെ പ്രതിനിധീകരിച്ച് ഓരോ ജില്ലയിലും യൂണിറ്റ് സന്ദർശനത്തിൽ പങ്കെടുക്കേണ്ടവർ ചുവടെ പറയും പ്രകാരമാണ്
   തിരുവനന്തപുരം – ഡോ. എൻ. മനോജ് (സംസ്ഥാന പ്രസിഡണ്ട്)
   കൊല്ലം – ശശി സി. ടി. (മേഖല സെക്രട്ടറി)
   കോട്ടയം – ഡോ. ഗീത നമ്പിയാർ (വൈസ് പ്രസിഡണ്ട്)
   ഇടുക്കി – രഘുദാസ് (മേഖല സെക്രട്ടറി)
   എറണാകുളം – ഡോ.രാജേഷ്കുമാർ പി. (വൈസ് പ്രസിഡണ്ട്)
   തൃശൂർ – ഡോ. വിനു ഭാസ്കർ (മേഖല സെക്രട്ടറി)
   മലപ്പുറം – ഡോ. സന്തോഷ് ടി. വർഗീസ് (മേഖല സെക്രട്ടറി)
   പാലക്കാട് – ഡോ. എം.സത്യൻ (ജനറൽ സെക്രട്ടറി)
   കോഴിക്കോട് –ഡോ. എൻ. മനോജ് (സംസ്ഥാന പ്രസിഡണ്ട്)
   വയനാട് – ഡോ.മുഹമ്മദ് റഫീഖ്.ടി (ട്രഷറർ)
   കണ്ണൂർ –ഡോ.എം.സത്യൻ (ജനറൽ സെക്രട്ടറി)
   കാസർഗോഡ് – ഡോ. മുഹമ്മെദ് റഫീഖ് ടി. (ട്രഷറർ)
3. സ്വാഗതസംഘം കൺവീനർ ഡോ. എ. ബാലകൃഷ്ണൻ അവതരിപ്പിച്ച അറുപത്തിമൂന്നാം സംസ്ഥാനസമ്മേളനത്തിന്റെ കണക്ക് ചർച്ചകൾക്കു ശേഷം സംസ്ഥാനപ്രവർത്തകസമിതി അംഗീകരിച്ചു.
4. ഡി.എ. , ശമ്പള അരിയർ , സ്പാർക്കിലെ പ്രശ്നം എന്നിവയിൽ വീണ്ടും സജീവമായി ഇടപെടാൻ തീരുമാനിച്ചു.
5. സംഘടനാഓഫീസിന്റെ മരാമത്ത് പണി നടത്തുന്നത് സംബന്ധിച്ച് കാര്യങ്ങൾ നോക്കാൻ സംഘടനയുടെ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ,രണ്ട് വൈസ് പ്രസിഡണ്ട്മാർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി സംഘടനയുടെ മുൻകാല നേതാക്കൾ ബിൽഡിങ് പണികഴിപ്പിച്ച എഞ്ചിനീയർ എന്നിവരുമായി ചർച്ച നടത്തി വേണം കാര്യങ്ങൾ നടത്താനെന്ന് തീരുമാനിച്ചു.

യോഗം രാത്രി 9.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
03-08-2021

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി